"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - 2025-26 വർഷത്തെ ശബരിമല തീർത്ഥാടനത്തോട നുബന്ധിച്ച് ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ ഡ്യൂട്ടി ക്രമീകരണം - OA-1788/2025 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.10.2025 ലെ ഉത്തരവ് നടപ്പാക്കി അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.3638/2025/H&FWD തീയതി,തിരുവനന്തപുരം, 20-11-2025

---

പരാമർശം:-

1. കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷന്റെ **11.10.2025** ലെ അപേക്ഷ
2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA-1788/2025** കേസിന്മേലുള്ള **22.10.2025** ലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **04/11/2025** തീയതിയിലെ **DHS/26808/2025-PH5** നം നടപടിക്രമം
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **11/11/2025** തീയതിയിലെ **DHS/20740/2025-PH5** നം നടപടിക്രമം

**<u>ഉത്തരവ്</u>**

**2025-26** വർഷത്തെ ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ ഡ്യൂട്ടി ക്രമീകരണം സംബന്ധിച്ച് കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ പരമാർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശബരിമല, മണ്ഡലവിളക്ക് മഹോത്സവ കാലത്തെ ആരോഗ്യ സേവനങ്ങൾക്കായി നിയോഗിക്കപ്പെടുന്ന ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ സേവനകാലാവധി **7** ദിവസമായി കുറച്ചു നൽകണമെന്നതായിരുന്നു നിവേദനത്തിലെ ആവശ്യം.

**2)** പ്രസ്തുത വിഷയത്തിൽ കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ **OA-1788/2025** നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു.ട്രിബ്യൂണൽ ഇക്കാര്യത്തിൽ പരാമർശം**(2)** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. കേരള ഗവ.ഫാർമസിസ്റ്റ് അസോസിയേഷൻ സമർപ്പിച്ച നിവേദനം **(Annexute A4)** പരിശോധിച്ച് ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുന്നതിനായിരുന്നു ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്.

3) സർക്കാർ മേൽ വഷയം വിശദമായി പരിശോധിച്ചു. 2025-26 വർഷത്തെ ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെ എല്ലാ ജീവനക്കാർക്കും 7 ദിവസം വീതമുള്ള ബാച്ചുകളായി ഡ്യൂട്ടി ക്രമീകരണം പുതുക്കി നിശ്ചയിച്ചുകൊണ്ട് പരമാർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ സമർപ്പിച്ച പരാമർശം(1) നിവേദനത്തിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരമാർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കറ്റ് ജനറൽ, കേരള(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )(എ & ഇ) ,കേരളം തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
അഭിലാഷ് ജയറാം, ജനറൽ സെക്രട്ടറി ,കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ, ടി.സി 94/2466(1), എസ്.ആർ.എ 34, കെ.ജി.പി.എ ഭവൻ,വിവേകാനന്ദ നഗർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം - 695035
വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. L S
Date: 20-11-2025 12:16:30

സെക്ഷൻ ഓഫീസർ